**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 881** **18-09-2025 - ൽ മറുപടിയ്ക്ക്**

**അംബേദ്കർ ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | 2016 മുതൽ നാളിതുവരെ ചിറയിൻകീഴ് മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള അംബേദ്കർ ഗ്രാമം പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ; | (എ) | ചിറയിൻകീഴ് മണ്ഡലത്തിൽ നിന്നും ഖാൻ മുണ്ടക്കൽ നഗർ (2016-17), കുഴിയം നഗർ (2016-17), പുതുവൽ ഗ്രാമം (2019-20), പുളിന്തുരുത്തി (2021-22), എ കെ നഗർ (2021-22), കൽപ്പന ഗ്രാമം (2022-23), വലിയവിള കൈപ്പറ്റിമുക്ക് (2024-25), വലിയേല ഗ്രാമം (2025-26) എന്നീ ഗ്രാമങ്ങളെ അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതികളിൽ പൂർത്തീകരിക്കേണ്ടതും പൂർത്തീകരിച്ചതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | ഖാൻ മുണ്ടക്കൽ നഗർ, കുഴിയം നഗർ, പുതുവൽ ഗ്രാമം എന്നീ ഗ്രാമങ്ങളിലെ നവീകരണ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>പുളിന്തുരുത്തി അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ അംഗൻവാടി പുനരുദ്ധാരണം, കുട്ടികളുടെ പാർക്ക്,സബ്സെന്റർ- ന്റെ റൂഫിംഗ് വർക്ക് എന്നീ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>Drainage work (New & Existing) ,ഇന്റെർലോക്ക് വർക്ക്, Infrastructure development for self employment, ശീലതോട് സൈഡ് വാൾ നിർമ്മാണം, വീടുകളുടെ പുനരുദ്ധാരണം (17 ൽ 12 എണ്ണം പൂർത്തീകരിച്ചു) , സ്ട്രീറ്റ് ലൈറ്റ് വർക്ക് എന്നീ പ്രവർത്തികൾ പൂർത്തീകരിക്കാനുണ്ട്. എ.കെ.നഗർ അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ കോൺക്രീറ്റ് റോഡ് നിർമ്മാണം പൂർത്തീകരിച്ചു. റീ-ടൈനിംഗ് വാൾ നിർമ്മാണം, Infrastructure development for self employment ,സോളാർ ലൈറ്റ്, വീടുകളുടെ പുനരുദ്ധാരണം (24 എണ്ണം) എന്നിവ പൂർത്തീകരിക്കാനുണ്ട്. കല്പന ഗ്രാമം ഭവന പുനരുദ്ധാരണം (31 എണ്ണം), കസ്തൂർബാ അംഗൻവാടി കെട്ടിടം പുനരുദ്ധാരണം, ഇന്റെർ ലോക്ക് വർക്കുകൾ, കൾവർട്ട് വർക്കുകൾ, റീടൈനിംഗ് വാൾ എന്നിവയാണ് എസ്റ്റിമേറ്റിൽ |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രവൃത്തി തുടങ്ങുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു. വലിയവിള കൈപ്പറ്റിമുക്ക് അംബേദ്കർ ഗ്രാമ വികസന പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ